പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4018 21/06/2019 ൽ മറുപടിക്ക്

<u>ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്</u>

ചോദ്യം

**ശ്രീ.പി.സി. ജോർജ്**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്ന് നിലവിൽ വന്നു; പ്രസ്തുത ബോർഡ് സ്ഥാപിക്കുവാനുള്ള തീരുമാനം എടുത്തത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കുമോ; | (എ) | ബഹു ഹൈക്കോടതി നിയമിച്ച ജസ്റ്റിസ് കെ.എസ്.പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് 2015 മാർച്ച് മാസം 13-ാം തീയതി നിലവിൽവന്നു. |
| (ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; അന്യത്ര സേവനത്തിൽ ജോലി ചെയ്യുന്നവർ എത്ര; കരാർ/താത്കാലിക അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നു; വിശദമാക്കാമോ ; | (ബി) | നിലവിൽ 9 അന്യത്ര സേവനത്തിലുള്ള ജീവനക്കാർ 3, കരാർ ജീവനക്കാർ, 3 താല്ക്കാലിക (ദിവസവേതന) ജീവനക്കാർ, 2 കോ-ടെർമിനസ് ജീവനക്കാർ, 3 സ്ഥിരം ജീവനക്കാർ ഉൾപ്പെടെ ആകെ 20 ജീവനക്കാർ ജോലി ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | പി.എസ്.സി.യിൽ നിന്ന് എത്രപേർ പ്രസ്തുത സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു, പി.എസ്.സി.യിൽ നിന്ന് വിരമിച്ച എത്രപേർ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നു, അവരുടെ തസ്തികയും ശമ്പളവും വ്യക്തമാക്കാമോ? | (സി) | പി.എസ്.സിയിൽ നിന്നും ഡെപ്യൂട്ടേഷനിൽ ആരും ജോലി ചെയ്യുന്നില്ല. വിരമിച്ച 3 പേർ കരാർ വ്യവസ്ഥയിൽ പരീക്ഷാ കൺട്രോളർ, അസിസ്റ്റന്റ് സെക്രട്ടറി (പരീക്ഷാ വിഭാഗം), മാനേജർ (പരീക്ഷാ വിഭാഗം) എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്. പരീക്ഷാ കൺട്രോളർക്ക് പ്രതിമാസം 80,000/- രൂപയും, പരീക്ഷാ വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് പ്രതിമാസം 50,000/- രൂപയും പരീക്ഷാ വിഭാഗം മാനേജർക്ക് പ്രതിമാസം 30,000/ രൂപയും വേതനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ